## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2383

19.07.2016-ൽ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉബൈദുള്ള | ഡോ. കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് പഠനം നടത്തി പുതുക്കേണ്ടതാണെന്ന് 9-ാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഇതിനെത്തുടർന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും അന്നത്തെ പഞ്ചായത്ത് ഡയറക്ടറും ഉൾപ്പെടുന്നു. 2 അംഗ സമിതി പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ഗ്രാമപഞ്ചായത്തുകളിൽ 07.02.2013-ലെ സ.ഉ.(എം.എസ്) നമ്പർ 51/2013/തസ്വഭവ. പ്രകാരം 864 അസിസ്റ്റന്റ് സെക്രട്ടറി, 990 ക്ലർക്ക് തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പുതിയ വാർഡുകൾ രൂപീകരിച്ചിട്ടും അതിനനുസരിച്ച് ജോലിഭാരം വർദ്ധിച്ചിട്ടും ഇപ്പോഴും പഴയ സ്റ്റാഫ് പാറ്റേൺ തന്നെ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| സി) | മലപ്പുറം മണ്ഡലത്തിലെ ഒരു നഗരസഭയിലെയും 5 പഞ്ചായത്തു കളിലെയും സ്റ്റാഫ് പാറ്റേൺ എന്നാണ് അവസാനം പുതുക്കി നിശ്ചയിച്ചതെന്നും അവ കാലോചിതമായി പരിഷ്ക്കരിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | (സി) | കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ 1982ലെ സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. എന്നാൽ 1982 ന് ശേഷം അക്കൗണ്ടന്റ്, അസിസ്റ്റന്റ് സെക്രട്ടറി, ക്ലർക്ക് തസ്തികകൾ വിവിധ ഘട്ടങ്ങളിൽ അനുവദിച്ചിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ സമഗ്രമായി നാളിതുവരെ പുനർ നിർണ്ണയിച്ചിട്ടില്ല. മലപ്പുറം നഗരസഭയിലെ സ്റ്റാഫ് പാറ്റേൺ അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളത് 12.04.1990 വർഷത്തിലാണ്. ഗ്രേഡ് ഉയർത്തിയ നഗരസഭകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**